**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5261** **05-07-2024 - ൽ മറുപടിയ്ക്ക്**

**കാർഷികവൃത്തിയെ സംബന്ധിച്ച വിവര വിജ്ഞാന വ്യാപന സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് കാർഷികവൃത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി ജില്ലകളിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. എല്ലാ ജില്ലകളിലും പ്രോജക്ട് ഡയറക്ടർ (ആത്മ) മുഖാന്തിരം നടപ്പിലാക്കുന്ന ആത്മ പദ്ധതിയിലൂടെ ആദിവാസി, ദളിത് കർഷകർ ഉൾപ്പെടെയുള്ള കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, പഠന യാത്രകൾ, പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, വനിതാ കർഷകർക്കായുള്ള ഭക്ഷ്യ സുരക്ഷ ഗ്രൂപ്പുകൾ (FSG) രൂപീകരിക്കൽ, ഫാം സ്കൂളുകൾ കിസാൻ മേളകൾ/ പ്രദർശനങ്ങൾ, കർഷക- ശാസ്ത്രജ്ഞ സംവാദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ അച്ചടി - ദൃശ്യ - ശ്രാവ്യ- നവമാദ്ധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ കാർഷിക വിജ്ഞാന വ്യാപനം നടത്തി വരുന്നുണ്ട്.<br><br>കൊല്ലം,പാലക്കാട്,കണ്ണൂർ, വയനാട് ജില്ലകളിൽ ലീഡ്സ് (LEADS) പദ്ധതിയിലൂടെ ഇന്നോവേഷൻ ഫണ്ട്, സാങ്കേതിക വിദ്യ വ്യാപിപ്പിക്കാൻ പിന്തുണ, Monthly Technology Advisory, ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകർക്കായി നടത്തപ്പെടുന്നുണ്ട്.<br><br>കർഷകർക്ക കാർഷിക പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം സർവകലാശാലയുടെ കേരളത്തിലെ മറ്റു സ്ഥാപനങ്ങൾ, എന്നിവ വഴി പരിശീലന പരിപാടികൾ നടത്തുകയും ഇതിന് സഹായകരമായ വിധത്തിലുള്ള വീഡിയോകൾ സംപ്രേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കൃഷിക്കാവശ്യമായ വിത്ത്, |

| | | | |
|---|---|---|---|
| | | | നടീൽ വസ്തുക്കൾ, മറ്റു കാർഷികോപാധികൾ എന്നിവയുടെ വില്പനയും നടത്തി വരുന്നു. കൂടാതെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രചാരണവും കൃഷിയിട പരീക്ഷണങ്ങളും പ്രദർശനങ്ങളും നടത്തിവരുന്നു.<br><br>കൂടാതെ കർഷകർക്ക് കാർഷിക പ്രവർത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി താഴെപ്പറയുന്ന പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നുണ്ട്.<br>1.ആർ.എ.റ്റി.റ്റി. സി (റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ), കഴക്കൂട്ടം, തിരുവനന്തപുരം.<br><br>2.ആർ. ടി.ടി. സി (റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ), വെള്ളായണി, തിരുവനന്തപുരം.<br><br>3.എഫ്.ടി. സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), പന്തളം, പത്തനംതിട്ട.<br><br>4.ആർ. എ.റ്റി.റ്റി. സി, കോഴ, കോട്ടയം.<br><br>5.ആർ.എ.റ്റി.റ്റി.സി, മലമ്പുഴ, പാലക്കാട്.<br><br>6.ആർ. എ.റ്റി.റ്റി.സി, വൈറ്റില, എറണാകുളം.<br><br>7.എഫ്. റ്റി.സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), വേങ്ങേരി, കോഴിക്കോട്.<br><br>8.ആർ. എ.റ്റി.റ്റി.സി, തളിപ്പറമ്പ്, കണ്ണൂർ. |
| (ബി) | ഇവിടങ്ങളിൽ നിന്നും കർഷകർക്ക് എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത് എന്നറിയിക്കുമോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. എല്ലാ ജില്ലകളിലും പ്രോജക്ട് ഡയറക്ടർ (ആത്മ) മുഖാന്തിരം നടപ്പിലാക്കുന്ന ആത്മ പദ്ധതിയിലൂടെ ആദിവാസി, ദളിത് കർഷകർ ഉൾപ്പെടെയുള്ള കർഷകർക്കുള്ള വിവിധ പരിശീലന പരിപാടികൾ, പഠന യാത്രകൾ, പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, വനിതാ കർഷകർക്കായുള്ള ഭക്ഷ്യ സുരക്ഷ ഗ്രൂപ്പുകൾ (FSG) രൂപീകരിക്കൽ, ഫാം സ്കൂളുകൾ കിസാൻ മേളകൾ/ പ്രദർശനങ്ങൾ, കർഷക- ശാസ്ത്രജ്ഞ സംവാദങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ അച്ചടി - ദൃശ്യ - ശ്രാവ്യ- നവമാദ്ധ്യമങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ഉപയോഗപ്രദമാകുന്ന വിധത്തിൽ കാർഷിക വിജ്ഞാന വ്യാപനം നടത്തി വരുന്നുണ്ട്.<br><br>കൊല്ലം,പാലക്കാട്,കണ്ണൂർ, വയനാട് ജില്ലകളിൽ ലീഡ്സ് (LEADS) പദ്ധതിയിലൂടെ ഇന്നോവേഷൻ ഫണ്ട്, സാങ്കേതിക വിദ്യ വ്യാപിപ്പിക്കാൻ പിന്തുണ, Monthly Technology Advisory, ശേഷി |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകർക്കായി നടത്തപ്പെടുന്നുണ്ട്.<br><br>കർഷകർക്കു കാർഷിക പ്രവർത്തനങ്ങൾ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം സർവകലാശാലയുടെ കേരളത്തിലെ മറ്റു സ്ഥാപനങ്ങൾ, എന്നിവ വഴി പരിശീലന പരിപാടികൾ നടത്തുകയും ഇതിന് സഹായകരമായ വിധത്തിലുള്ള വീഡിയോകൾ സംപ്രേഷണം നടത്തുകയും ചെയ്യുന്നുണ്ട്. കൃഷിക്കാവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ, മറ്റു കാർഷികോപാധികൾ എന്നിവയുടെ വില്പനയും നടത്തി വരുന്നു. കൂടാതെ ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രചാരണവും കൃഷിയിട പരീക്ഷണങ്ങളും പ്രദർശനങ്ങളും നടത്തിവരുന്നു.<br><br>കൂടാതെ കർഷകർക്ക് കാർഷിക പ്രവർത്തിയെ സംബന്ധിക്കുന്ന അറിവുകൾ പകർന്നു കൊടുക്കുന്നതിനായി താഴെപ്പറയുന്ന പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നുണ്ട്.<br><br>1.ആർ.എ.റ്റി.റ്റി. സി (റീജിയണൽ അഗ്രിക്കൾച്ചറൽ ടെക്നോളജി ട്രെയിനിംഗ് സെന്റർ), കഴക്കൂട്ടം, തിരുവനന്തപുരം.<br><br>2.ആർ. ടി.ടി. സി (റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ), വെള്ളായണി, തിരുവനന്തപുരം.<br><br>3.എഫ്.ടി. സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), പന്തളം, പത്തനംതിട്ട.<br><br>4.ആർ. എ.റ്റി.റ്റി. സി, കോഴ, കോട്ടയം.<br><br>5.ആർ.എ.റ്റി.റ്റി.സി, മലമ്പുഴ, പാലക്കാട്.<br><br>6.ആർ. എ.റ്റി.റ്റി.സി, വൈറ്റില, എറണാകുളം.<br><br>7.എഫ്. റ്റി.സി (ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ), വേങ്ങേരി, കോഴിക്കോട്.<br><br>8.ആർ. എ.റ്റി.റ്റി.സി, തളിപ്പറമ്പ്, കണ്ണൂർ. |
| (സി) | കർഷകർക്ക് പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാണോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് കാർഷിക മേഖലയിലെ സംരംഭകത്വം ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന് കീഴിലുള്ള എസ്. എഫ്. എ. സി, ഹോർട്ടികോർപ്പ്, വി. എഫ്. പി. സി. കെ, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ ആവശ്യമായ |

ഇടപെടലുകൾ നടത്തിവരുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ പ്രത്യേകിച്ചും കേന്ദ്ര പരിശീലന കേന്ദ്രം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, RAFTAAR - അഗ്രി ബിസിനസ്സ് ഇൻകുബേറ്റർ എന്നിവ മുഖേന കർഷകർക്ക് പുതു സംരംഭങ്ങൾ ആരംഭിക്കുന്നതിനു ആവശ്യമായ പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും നൽകി വരുന്നു. കൂടാതെ, വിവിധ കാർഷിക, അനുബന്ധ മേഖലകളിലെ സംരംഭക പ്രവർത്തനങ്ങളിൽ ഗ്രാമീണ കൗമാരക്കാരെ ശാക്തീകരിക്കുകയും അവരെ ഉൾപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റിന്റെ ARYA പ്രോജക്ട് നടപ്പിലാക്കി വരുകയും ചെയ്യുന്നു.

SFAC മുഖേന ജില്ലകളിലെ ആത്മ പ്രൊജക്ട് ഡയറക്ടർമാർ പുതു സംരംഭകരായ കർഷകർക്ക് ഉല്പാദക സംഘടന (FPO ) കളുടെ രൂപീകരണം, ശാക്തീകരണം അവർക്ക് മറ്റ് പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കൽ സാധിക്കുന്നു.

കാർഷിക ഉല്പന്നങ്ങളുടെ ഉല്പാദനം, മൂല്യവർദ്ധനം, വിപണനം, ഉൾപ്പെടെയുള്ള സംരംഭക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഫാം പ്ലാൻ പദ്ധതി പ്രകാരം 2022-23, 2023-24 വർഷങ്ങളിലായി 100 എഫ്.പി.ഒ കൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി എഫ്.പി.ഒ കൾക്ക് 2023-24 വർഷത്തിൽ 251.06 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കൃഷിക്കൂട്ടങ്ങൾ മുഖേന ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധനം തുടങ്ങിയ സംരംഭക പ്രവർത്തനങ്ങൾക്കായി സേവനമേഖലയിലെ 200 കൃഷിക്കൂട്ടങ്ങൾക്കും മൂല്യവർദ്ധന മേഖലയിലെ 1000 കൃഷിക്കൂട്ടങ്ങൾക്കും 2023-24 വർഷത്തിൽ 50000 രൂപ വീതം വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് ആന്റ് വാല്യൂ അഡിഷൻ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 67.50 ലക്ഷം രൂപ മൂല്യവർദ്ധിത യൂണിറ്റുകൾക്കുള്ള പ്രോജക്ട് അധിഷ്ഠിത സഹായം എന്ന ഘടക പദ്ധതിയിൽ നൽകിയിട്ടുണ്ട്.

കേരളത്തിലെ കർഷകർ, കർഷക കൂട്ടായ്മകൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ എന്നിവർ ഉണ്ടാക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കി അവ സംഭരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിനും അനുയോജ്യമായ സംരംഭങ്ങൾ

| | | | |
|---|---|---|---|
| | | | വികസിപ്പിച്ച്, സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ